## മധുരമായ കുട്ടികളെ - ഒരു ബാബയുടെ ഓർമ്മയിലിരിക്കുന്നതുതന്നെയാണ് അവ്യഭിചാരിയായ ഓർമ്മ, ഈ ഓർമ്മയിലൂടെ നിങ്ങളുടെ പാപം ഇല്ലാതാകുന്നു.

**ചോദ്യം:-** ബാബ മനസ്സിലാക്കിത്തരുന്ന കാര്യങ്ങൾ ചിലർ സഹജമായി അംഗീകരിക്കുന്നു, ചിലർ പ്രയാസപ്പെട്ട് മനസ്സിലാക്കുന്നു - ഇതിന്റെ കാരണമെന്താണ്?
**ഉത്തരം:-** ഏതു കുട്ടികളാണോ വളരെ സമയം ഭക്തി ചെയ്തത്, അരകൽപ്പമായി ഭക്തിചെയ്യുന്ന പഴയ ഭക്തർ, അവർ ബാബയുടെ ഓരോ കാര്യവും സഹജമായി അംഗീകരിക്കുന്നു. കാരണം അവർക്ക് ഭക്തിയുടെ ഫലം ലഭിക്കുകയാണ്. ആരാണോ പഴയ ഭക്തരല്ലാത്തത്, അവർക്ക് ഓരോ കാര്യവും മനസ്സിലാക്കുന്നതിൽ പ്രയാസമുണ്ടാകും. മറ്റ് ധർമ്മത്തിലുള്ളവർക്കാകട്ടെ ഈ ജ്ഞാനം മനസ്സിലാക്കാനേ സാധിക്കില്ല.

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികളെ പ്രതി ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരികയാണ് നിങ്ങൾ കുട്ടികൾ എന്തു ചെയ്തുകൊണ്ടിരിക്കുകയാണ്? നിങ്ങളുടേത് അവ്യഭിചാരി ഓർമ്മയാണ്. ഒന്ന് ബഹുദൈവ വിശ്വാസം, രണ്ട് ഏകേശ്വര വിശ്വാസം. നിങ്ങളുടേത് ഏകേശ്വരന്റെ ഓർമ്മയാണ്. ആരെയാണ് ഓർമ്മിക്കുന്നത്? ഒരു ബാബയെ. ബാബയെ ഓർമ്മിച്ചോർമ്മിച്ച് പാപം ഭസ്മമാകും. നിങ്ങൾ ശാന്തിധാമത്തിലെത്തിച്ചേരും. പാവനമായി മാറി വീണ്ടും പുതിയ ലോകത്തിലേക്ക് പോകണം. ആത്മാക്കൾക്കാണ് പോകേണ്ടത്. ആത്മാവാണ് ഈ അവയവങ്ങൾ ഉപയോഗിച്ച് എല്ലാ കർമ്മവും ചെയ്യുന്നത്. ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. മനുഷ്യർ അനേകരെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഭക്തിമാർഗ്ഗത്തിലും നിങ്ങൾക്ക് ഓർമ്മിക്കേണ്ടത് ഒരാളെയാണ്. ഭക്തിയിൽ ആദ്യമാദ്യം നിങ്ങൾ ഉയർന്നതിലും ഉയർന്ന ശിവബാബയെ മാത്രം ഭക്തി ചെയ്തിരുന്നു. അതിനെയാണ് അവ്യഭിചാരി ഭക്തിയെന്ന് പറയുന്നത്. സർവ്വർക്കും സദ്ഗതി നൽകുന്ന രചയിതാവ് ബാബയാണ്. ബാബയിൽനിന്ന് പരിധിയില്ലാത്ത സമ്പത്താണ് ലഭിക്കുന്നത്. സഹോദരങ്ങളിൽ നിന്നും സമ്പത്ത് ലഭിക്കില്ല. സമ്പത്ത് എപ്പോഴും പിതാവിൽ നിന്നുമാണ് കുട്ടികൾക്ക് ലഭിക്കുന്നത്. കുറച്ച് കുമാരിമാർക്കും ലഭിക്കുന്നു. കുമാരിമാർ പിന്നീട് ജീവിതപങ്കാളികളായി (ഹാഫ് പാർട്ട്ണർ) മാറുന്നു. ഇവിടെ നിങ്ങളെല്ലാവരും ആത്മാക്കളാണ്. എല്ലാ ആത്മാക്കളുടെയും പിതാവ് ഒന്നാണ്. എല്ലാവർക്കും ബാബയിൽ നിന്നും സമ്പത്തെടുക്കാനുള്ള അവകാശമുണ്ട്. നിങ്ങൾ സഹോദരങ്ങളാണ്, ശരീരം കൊണ്ട് സ്ത്രീയോ പുരുഷനോ ആകട്ടെ. ആത്മാക്കളെല്ലാവരും സഹോദരങ്ങളാണ്. ലോകത്തിലുള്ളവർ ഹിന്ദുവും മുസ്ലിമും സഹോദരങ്ങളാണെന്ന് പറയുകമാത്രമേ ചെയ്യുന്നുള്ളൂ. അർത്ഥം മനസ്സിലാക്കുന്നില്ല. നിങ്ങളിപ്പോൾ അർത്ഥം മനസ്സിലാക്കി. എല്ലാ ആത്മാക്കളും ഒരു ബാബയുടെ കുട്ടികളാണ് അതായത് സഹോദരങ്ങളാണ്. പിന്നീട് പ്രജാപിതാബ്രഹ്മാവിന്റെ കുട്ടികളാകുമ്പോൾ സഹോദരീസഹോദരനാകുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം ഈ ലോകത്തിൽ നിന്നും എല്ലാവർക്കും തിരിച്ചുപോകണം. എത്രയെല്ലാം മനുഷ്യരുണ്ടോ, അവരുടെയെല്ലാവരുടേയും പാർട്ട് പൂർത്തിയാവുകയാണ്. ബാബ വന്ന് പഴയ ലോകത്തിൽനിന്ന് പുതിയ ലോകത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു, അക്കരെയെത്തിക്കുന്നു. പാടാറില്ലേ തോണിക്കാരാ അക്കരെയെത്തിക്കൂ. അതായത് സുഖധാമത്തിലേക്ക് കൊണ്ടുപോകൂ. ഈ പഴയ ലോകം മാറി തീർച്ചയായും പുതിയ ലോകം ഉണ്ടാകും. ബ്രഹ്മലോകം മുതൽ മുഴുവൻ ലോകത്തിന്റേയും ഭൂപടം നിങ്ങളുടെ ബുദ്ധിയിലുണ്ട്. നമ്മൾ ആത്മാക്കൾ എല്ലാവരും മധുരമായ വീട്ടിലെ, ശാന്തിധാമത്തിലെ നിവാസികളായിരുന്നു. ബുദ്ധിയിൽ ഓർമ്മ വരുന്നുണ്ടോ നമ്മൾ എപ്പോൾ സത്യയുഗത്തിലായിരുന്നുവോ അപ്പോൾ ബാക്കിയെല്ലാ ആത്മാക്കളും ശാന്തിധാമത്തിൽ വസിക്കുകയായിരുന്നു. ആത്മാവിന് ഒരിക്കലും വിനാശം സംഭവിക്കുന്നില്ല. ആത്മാവിൽ അവിനാശിയായ പാർട്ട് അടങ്ങിയിട്ടുണ്ട്. അതിന് ഒരിക്കലും വിനാശമുണ്ടാകുന്നില്ല. മനസ്സിലാക്കൂ ഒരു എഞ്ചിനീയർ വീണ്ടും 5000 വർഷത്തിനുശേഷം അതുപോലെ എഞ്ചിനീയറായി മാറും. ഇതേ നാമം, രൂപം, ദേശം, സമയം എല്ലാം ഒരേപോലെയായിരിക്കും. ഇക്കാര്യങ്ങളെല്ലാം ബാബ തന്നെ വന്നാണ് മനസിലാക്കിത്തരുന്നത്. ഇത് അനാദി അവിനാശിയായ നാടകമാണ്. ഈ നാടകത്തിന്റെ ആയുസ്സ് 5000 വർഷമാണ്. സെക്കന്റുപോലും കൂടുകയോ കുറയുകയോ ചെയ്യുന്നില്ല. അനാദിയായി ഉണ്ടാക്കിവച്ച ഒരു ഡ്രാമയാണ്. എല്ലാവർക്കും പാർട്ട് ലഭിച്ചിട്ടുണ്ട്. ദേഹീ അഭിമാനിയായി, സാക്ഷിയായിരുന്നുകൊണ്ട് കളി കാണണം. ബാബക്ക് ദേഹമില്ല. ബാബ ജ്ഞാനത്തിന്റെ സാഗരമാണ്, ബീജരൂപമാണ്. ബാക്കി എല്ലാ ആത്മാക്കളും മുകളിൽ നിരാകാരി ലോകത്തിലാണ് വസിക്കുന്നത്. അവിടെനിന്ന് ഇവിടേക്ക് യഥാക്രമത്തിൽ പാർട്ട് അഭിനയിക്കാൻ വരുന്നത്. ആദ്യമാദ്യം ആരംഭിക്കുന്ന നമ്പർ ദേവതകളുടേതാണ്. ആദ്യനമ്പറിലുള്ള രാജവംശത്തിന്റെ ചിത്രമേയുള്ളൂ പിന്നീട്

ചന്ദ്രവംശീരാജധാനിയുടേതും. വളരെ ഉയർന്നത് സൂര്യവംശീലക്ഷ്മീനാരായണന്റെ രാജ്യമാണ്, അവരുടെ രാജ്യം എപ്പോൾ എങ്ങിനെ സ്ഥാപിച്ചു – ഒരു മനുഷ്യർക്കും അറിയില്ല. സത്യയുഗത്തിന്റെ ആയുസ്സ് ലക്ഷക്കണക്കിന് വർഷമാണ് എഴുതിയിരിക്കുന്നത്. ആരുടേയും ജീവിതകഥ അറിയുന്നില്ല. ഈ ലക്ഷമീനാരായണന്റെ ജീവിതകഥ അറിയേണ്ടതാണ്. അറിവില്ലാതെ കേവലം ശിരസ്സ് കുനിക്കുന്നതും മഹിമ പാടുന്നതും തെറ്റാണ്. ബാബ  മുഖ്യമായവരുടെ ജീവിതകഥ കേൾപ്പിക്കുകയാണ്. ഇപ്പോൾ നിങ്ങൾക്കറിയാം എങ്ങനെയാണ് ഇവരുടെ രാജധാനി ഉണ്ടായിരുന്നത്. സത്യയുഗത്തിൽ ശ്രീകൃഷ്ണനായിരുന്നുവല്ലോ. ഇപ്പോൾ വീണ്ടും അതേ കൃഷ്ണപുരിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. കൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനാണ്. ലക്ഷ്മീനാരായണന്റെ രാജധാനി എങ്ങനെ സ്ഥാപിക്കപ്പെടുന്നു – ഇതെല്ലാം നിങ്ങൾ മനസ്സിലാക്കി.

യഥാക്രമത്തിൽ മാലയും ഉണ്ടാക്കുന്നുണ്ട്. ഇവർ ഈ മാലയിലെ മുത്തുകളായി മാറും. പക്ഷേ മുന്നോട്ടു പോകുമ്പോൾ തോൽവിയും ഉണ്ടാകുന്നു. മായ തോൽപ്പിക്കുകയാണ്. സൈന്യത്തിൽ ഉള്ളിടത്തോളം പറയും ഇന്നയാൾ സേനാധിപനാണ്, ഇന്നയാൾ ഇന്ന വ്യക്തിയാണ്. പിന്നീട് മരിച്ചുപോകുന്നു. ഇവിടെ മരിക്കുക അർത്ഥം അവസ്ഥ താഴ്ന്നു പോകുക, മായയോട് തോൽക്കുക. കഥകഴിയുന്നു. ആശ്ചര്യത്തോടെ കേട്ടു, കഥ പോലെ പറഞ്ഞുകൊടുത്തു, ഓടിപ്പോകുന്നു... എന്നാലും എന്റെ മായേ... വിട പറഞ്ഞു പോകുന്നു. മരിച്ച് ജീവിച്ച്, ബാബയുടേതായി മാറി പിന്നീട് രാമരാജ്യത്തിൽനിന്നും രാവണരാജ്യത്തിലേക്ക് പോകുന്നു. ഈ കാര്യത്തിലാണ് കൗരവരുടേയും പാണ്ഡവരുടേയും യുദ്ധം കാണിച്ചിരിക്കുന്നത്. പിന്നീട് അസുരന്മാരുടേയും ദേവന്മാരുടേയും യുദ്ധം കാണിച്ചിട്ടുണ്ട്. ഒരു യുദ്ധം കാണിച്ചാൽ പോരേ. രണ്ട് എന്തിനാണ്? ബാബ മനസ്സിലാക്കിത്തരികയാണ് ഇതെല്ലാം ഇവിടുത്തെ കാര്യമാണ്. യുദ്ധം എന്നാൽ ഹിംസയാണ്, ഇവിടെ അഹിംസ ദേവതകളുടെ പരമമായ ധർമ്മമാണ്. നിങ്ങളിപ്പോൾ ഡബിൾ അഹിംസകരായി മാറുന്നു. നിങ്ങളുടേത് യോഗബലത്തിന്റെ കാര്യമാണ്. അയുധങ്ങൾ കൊണ്ടൊന്നും നിങ്ങൾക്ക് ഒന്നും ചെയ്യേണ്ട കാര്യമില്ല. ആ ശക്തി ക്രിസ്ത്യാനികളിൽ വളരെ കൂടുതലാണ്. റഷ്യയും അമേരിക്കയും രണ്ട് സഹോദരങ്ങളാണ്. ബോംബുണ്ടാക്കാനുള്ള മത്സരം ഇവർ തമ്മിലാണ്. രണ്ടുപേരും ഒന്നിനൊന്ന് ശക്തിയുള്ളവരാണ്. ഇത്രയും ശക്തിയാണ്, ഇവർ രണ്ടും ഒരുമിക്കുകയാണെങ്കിൽ മുഴുവൻ ലോകവും ഭരിക്കാൻ സാധിക്കും. പക്ഷേ ബാഹുബലത്തിലൂടെ വിശ്വത്തിൽ രാജ്യഭരണം നടത്താൻ നിയമമില്ല. കഥയിൽ കാണിച്ചിട്ടില്ലേ – രണ്ട് പൂച്ചകൾ തമ്മിൽ കലഹിച്ചു, വെണ്ണ ഇടയ്ക്കുള്ള മൂന്നാമൻ കഴിച്ചു. ഇക്കാര്യങ്ങളെല്ലാം ബാബ മനസ്സിലാക്കിത്തരികയാണ്. മുമ്പ് ഇതൊന്നും അറിയുമായിരുന്നില്ല. ഈ ചിത്രങ്ങളെല്ലാം ബാബ ദിവ്യദൃഷ്ടിയിലൂടെ ഉണ്ടാക്കിപ്പിച്ചതാണ്. ബാബ ഇപ്പോൾ മനസ്സിലാക്കിത്തരികയാണ് – അവർ പരസ്പരം യുദ്ധം ചെയ്യുന്നു, നിങ്ങൾ മുഴുവൻ വിശ്വത്തിന്റേയും ചക്രവർത്തീപദവി നേടുന്നു. ഇവർ രണ്ടുപേരും വളരെ ശക്തിശാലികളാണ്. അവിടേയും ഇവിടേയും പലരേയും പരസ്പരം യുദ്ധം ചെയ്യിപ്പിക്കുകയാണ്. എന്നിട്ട് അവരെ (വെടിക്കോപ്പുകൾ നൽകി) ഇവർ സഹായിക്കും. കാരണം കച്ചവടവും നന്നായി നടക്കണം. എപ്പോഴാണോ രണ്ട് പൂച്ചകൾ തമ്മിൽ കലഹിക്കുന്നത് അപ്പോഴാണ് ഇവരുടെ വെടിക്കോപ്പുകളെല്ലാം ഉപയോഗത്തിൽ വരുന്നത്. അവിടേയും ഇവിടേയും രണ്ടുപേരെക്കൊണ്ട് യുദ്ധം ചെയ്യിക്കും. ഈ ഹിന്ദുസ്ഥാനും പാക്കിസ്ഥാനും ആദ്യം വെവ്വേറെയായിരുന്നോ. രണ്ടും ഒന്നായിരുന്നു. ഇതെല്ലാം ഡ്രാമയിൽ അടങ്ങിയതാണ്. ഇപ്പോൾ നിങ്ങൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്, യോഗബലത്തിലൂടെ വിശ്വത്തിന്റെ അധികാരിയായി മാറാൻ. അവർ പരസ്പരം യുദ്ധം ചെയ്യും, വെണ്ണ ഇടയിലുള്ള ആൾ എടുത്തു കഴിക്കുകയും ചെയ്യും. വെണ്ണ അർത്ഥം വിശ്വത്തിന്റെ ചക്രവർത്തീപദവി നിങ്ങൾക്കാണ് ലഭിക്കുന്നത് അതും വളരെ സഹജമായി ലഭിക്കുന്നു. ബാബ പറയുന്നു – മധുരമധുരമായ കുട്ടികളേ തീർച്ചയായും പവിത്രമായി മാറണം. പവിത്രമായി മാറി പവിത്രമായ ലോകത്തിലേക്ക് പോകണം. ആ ലോകത്തെയാണ് പറയുന്നത് നിർവ്വികാരി ലോകം. സമ്പൂർണ്ണമായും നിർവ്വികാരി ലോകമാണ്. ഓരോ വസ്തുവിനും സതോപ്രധാനം, സതോ, രജോ, തമോ അവസ്ഥയിലേക്ക് തീർച്ചയായും വരണം. ബാബ മനസ്സിലാക്കിത്തരികയാണ്. ഇതൊന്നും നിങ്ങളുടെ ബുദ്ധിയിലുണ്ടായിരുന്നില്ല. കാരണം ശാസ്ത്രങ്ങളിൽ ലക്ഷക്കണക്കിന് വർഷമെന്നാണ് പറയുന്നത്. ഭക്തി അജ്ഞാനത്തിന്റെ ഇരുട്ടാണ്. നിങ്ങൾക്കും ആദ്യം അറിയുന്നുണ്ടായിരുന്നില്ല. ഇപ്പോൾ മനസ്സിലാക്കി അവർ ഇപ്പോഴും പറയുകയാണ് കലിയുഗം ഇനിയും 40,000 വർഷം നടക്കും. ശരി, 40,000 വർഷം പൂർത്തിയായാൽ പിന്നീടെന്തു സംഭവിക്കും? ആർക്കും അറിയുന്നില്ല. അതുകൊണ്ടാണ് പറയുന്നത് അജ്ഞാനത്തിൽ ഉറങ്ങുകയാണ്. ഭക്തി അജ്ഞാനമാണ്. ജ്ഞാനം നൽകുന്നത് ജ്ഞാനസാഗരനായ ഒരു ബാബയാണ്. നിങ്ങൾ ജ്ഞാനത്തിന്റെ നദികളാണ്. ബാബ വന്ന് നിങ്ങൾ കുട്ടികളെ അതായത് ആത്മാക്കളെ പഠിപ്പിക്കുകയാണ്. ബാബ പിതാവുമാണ്, ടീച്ചറുമാണ്, സദ്ഗുരുവുമാണ്. വേറെ ആരും ഇങ്ങനെ പറയില്ല ഇത് നമ്മുടെ പിതാവും, ടീച്ചറും, ഗുരുവുമാണെന്ന്. ഇത് പരിധിയില്ലാത്ത കാര്യമാണ്. ബാബ സ്വയം

മനസ്സിലാക്കിത്തരികയാണ് ഞാൻ നിങ്ങളുടെ ഉയർന്ന പിതാവാണ്. നിങ്ങളെല്ലാവരും എന്റെ കുട്ടികളാണ് – ബാബ അങ്ങ് അതേ ആൾ തന്നെയാണ്. ബാബയും പറയുന്നു നിങ്ങളേയും കൽപകൽപം കണ്ടതാണ്. ബാബ പരമ ആത്മാവാണ്, ഉയർന്നയാളാണ്. ബാബ വന്ന് കുട്ടികൾക്കെല്ലാ കാര്യങ്ങളും മനസ്സിലാക്കിത്തരികയാണ്. കലിയുഗത്തിന്റെ ആയുസ്സ് 40,000 വർഷം എന്ന് പറയുന്നത് വെറും അബദ്ധം മാത്രമാണ്. 5000 വർഷത്തിൽ എല്ലാം വരുന്നു. ബാബ എന്താണോ മനസ്സിലാക്കിത്തരുന്നത് അത് നിങ്ങൾ അംഗീകരിക്കുന്നു, മനസ്സിലാക്കുന്നു. നിങ്ങൾ അംഗീകരിക്കുന്നില്ല എന്ന് പറയാൻ കഴിയില്ല. അംഗീകരിക്കുന്നില്ലെങ്കിൽ നിങ്ങൾ ഇവിടേക്ക് വരില്ല. ഈ ധർമ്മത്തിലുള്ളവരല്ലെങ്കിൽ അംഗീകരിക്കില്ല. ബാബ മനസ്സിലാക്കിത്തരികയാണ് എല്ലാറ്റിന്റേയും ആധാരം ഭക്തിയാണ്. ആരാണോ കൂടുതൽ ഭക്തി ചെയ്യുന്നത് ഭക്തിയുടെ ഫലവും അവർക്കാണ് ലഭിക്കുന്നത്. അവർക്കാണ് ബാബയിൽനിന്നും പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നത്. നിങ്ങൾക്കറിയാം നമ്മൾ ദേവതകളായിരുന്നു. വിശ്വത്തിന്റെ അധികാരികളായി മാറിയവരാണ്. ഇനി ബാക്കി കുറച്ചു ദിവസങ്ങളുണ്ട്. ഈ പഴയ ലോകത്തിന്റെ വിനാശവും കാണിച്ചിട്ടുണ്ട്, മറ്റു ശാസ്ത്രങ്ങളിലൊന്നും ഈ കാര്യങ്ങളില്ല. ഒരു ഗീതയാണ് ഭാരതത്തിന്റെ ധർമ്മശാസ്ത്രം. ഓരോരുത്തർക്കും തന്റെ ധർമ്മശാസ്ത്രം പഠിക്കണം. ആരിലൂടെ ഏത് ധർമ്മം സ്ഥാപിക്കപ്പെട്ടു. അവരെ അറിഞ്ഞിരിക്കേണ്ടതാണ്. എങ്ങിനെയാണോ ക്രിസ്ത്യാനികൾ ക്രിസ്തുവിനെ അറിയുന്നത്, അദ്ദേഹത്തെയാണ് അംഗീകരിക്കുന്നതും ആരാധിക്കുന്നതും. നിങ്ങൾ ആദിസനാതനദേവീദേവതാ ധർമ്മത്തിലുള്ളവർ ദേവതകളെ പൂജിക്കുന്നു. പക്ഷേ ഇന്ന് സ്വയം ഹിന്ദു ധർമ്മത്തിലുള്ളവരെന്ന് പറയുന്നു.

നിങ്ങൾ കുട്ടികൾ ഇപ്പോൾ രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ രാജഋഷിയാണ്. അവർ ഹഠയോഗഋഷികളാണ്. രാത്രിയും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. അവരുടെ സന്യാസം പരിധിയുള്ളതും പാകപ്പെടാത്തതുമാണ്. കേവലം വീടുപേക്ഷിക്കുന്നു. നിങ്ങളുടെ സന്യാസം അഥവാ വൈരാഗ്യം മുഴുവൻ പഴയ ലോകത്തേയും ഉപേക്ഷിക്കാനുള്ളതാണ്. ആദ്യമാദ്യം തന്റെ വീടായ മധുരമായ വീട്ടിലേക്ക് പോയി പിന്നീട് പുതിയ ലോകമായ സത്യയുഗത്തിലേക്ക് വരണം. ബ്രഹ്മാവിലൂടെ ആദിസനാതനദേവീദേവതാധർമ്മത്തിന്റെ സ്ഥാപന നടക്കുകയാണ്. ഇപ്പോൾ ഇത് പതിതമായ പഴയ ലോകമാണ്. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ബാബയിലൂടെ പഠിക്കുന്നു. ഇത് തീർച്ചയായും വാസ്തവമല്ലേ. ഇതിൽ നിശ്ചയമില്ലാതിരിക്കുക എന്ന കാര്യമേയില്ല. ഈ ജ്ഞാനം ബാബയാണ് പഠിപ്പിക്കുന്നത്. ബാബ ടീച്ചറുമാണ്, സത്യമായ സദ്ഗുരുവുമാണ്, കൂടെ കൊണ്ടുപോവുകയും ചെയ്യുന്നു. മറ്റു ഗുരുക്കന്മാർ പകുതിയിൽ ഉപേക്ഷിച്ച് പോകുന്നവരാണ്. ഒരു ഗുരു പോയാൽ മറ്റൊരാളെ ഗുരു വാക്കും. അവരുടെ ശിഷ്യനെ സിംഹാസനത്തിലിരുത്തും. ഇവിടെ അച്ഛന്റെയും കുട്ടികളുടേയും കാര്യമാണ്. ആ ഗുരുവിൽ നിന്നും ശിഷ്യനു പരിധിയുള്ള സമ്പത്തിനാണ് അവകാശം. സമ്പത്ത് പിതാവിൽനിന്നാണ് വേണ്ടത്. ശിവബാബ വരുന്നത് ഭാരതത്തിലേക്കാണ്. ശിവരാത്രിയും കൃഷ്ണന്റെ രാത്രിയും ആഘോഷിക്കാറുണ്ടല്ലോ. ശിവന്റെ അവതാരത്തെ അറിയുന്നേയില്ല. എങ്ങനെ കേൾപ്പിക്കും. ബാബയ്ക്ക് തിയ്യതിയോ ദിവസമോ ഇല്ല. കൃഷ്ണൻ ആദ്യനമ്പറായതിനാൽ കൃഷ്ണന്റെ തിയതിയും ദിവസവും കാണിച്ചിരിക്കുന്നു. ദീപാവലി ആഘോഷിക്കുക അത് ലോകത്തിലെ മനുഷ്യന്റെ ജോലിയാണ്. നിങ്ങൾ കുട്ടികൾക്ക് ദീപാവലിയൊന്നും ഇല്ല. നമ്മുടെ പുതിയ വർഷം, പുതിയ ലോകം സത്യയുഗത്തെക്കുറിച്ചാണ് പറയുന്നത്. ഇപ്പോൾ നിങ്ങൾ പുതിയ ലോകത്തിനുവേണ്ടി പഠിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ പുരുഷോത്തമസംഗമയുഗത്തിലാണ്. കുംഭമേളയിൽ എത്ര മനുഷ്യരാണ് പോകുന്നത്. അത് വെള്ളത്തിന്റെ നദികളുടെ മേളയാണ്. എത്രയധികം മേളകളാണ് നടത്തുന്നത്. അവരും വളരെയധികം പഞ്ചായത്തുകൾ (മീറ്റിംഗുകൾ) കൂടാറുണ്ട്. അവർ തമ്മിൽ ഇടക്കിടെ പരസ്പരം വലിയ ലഹളയൊക്കെ നടക്കും. കാരണം ദേഹാഭിമാനികളല്ലേ. ഇവിടെ കലഹത്തിന്റെ കാര്യമൊന്നുമില്ല. ബാബ കേവലം പറയുകയാണ് – മധുരമധുരമായ ഓമനകളായ കുട്ടികളേ, എന്നെ ഓർമ്മിക്കൂ. നിങ്ങൾ ആത്മാവ് സതോപ്രധാനതയിൽ നിന്നും തമോപ്രധാനമായി മാറിയിരിക്കുന്നു, ക്ലാവ് പിടിച്ചിരിക്കുകയല്ലേ, അത് യോഗാഗ്നിയിലൂടെ നീക്കം ചെയ്യണം. സ്വർണ്ണപ്പണിക്കാർക്കറിയാം, ബാബയെ പതിതപാവനനെന്ന് പറയുന്നു. ബാബ ഉയർന്ന സ്വർണ്ണപ്പണിക്കാരനാണ്. എല്ലാവരിൽനിന്നും ക്ലാവ് നീക്കം ചെയ്ത് സത്യമായ സ്വർണ്ണമാക്കി മാറ്റുന്നു. സ്വർണ്ണത്തെ അഗ്നിയിലിടാറുണ്ടല്ലോ. ഇതാണ് യോഗം. അതായത് ഓർമ്മയാകുന്ന അഗ്നി. കാരണം ഓർമ്മയിലൂടെയാണ് പാപം ഭസ്മമാകുന്നത്. തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറേണ്ടത് ഓർമ്മയാകുന്ന യാത്രയിലൂടെയാണ്. എല്ലാവരും സതോപ്രധാനമായി മാറില്ല. കഴിഞ്ഞ കൽപത്തെപ്പോലെ പുരുഷാർത്ഥം ചെയ്യും. പരമമായ ആത്മാവിനും ഡ്രാമയിൽ പാർട്ട് അടങ്ങിയിട്ടുണ്ട്, എന്താണോ പാർട്ട് അടങ്ങിയിരിക്കുന്നത് അത് നടന്നുകൊണ്ടേയിരിക്കും. മാറ്റം വരുത്താൻ സാധിക്കില്ല. കറങ്ങിക്കൊണ്ടേയിരിക്കുകയാണ്. ബാബ പറയുന്നു മുന്നോട്ട് പോകുന്തോറും നിങ്ങളെ ആഴമേറിയ കാര്യങ്ങൾ കേൾപ്പിക്കും. ആദ്യമാദ്യം ഈ നിശ്ചയമുണ്ടാകണം – ബാബ എല്ലാ ആത്മാക്കൾക്കും

പിതാവാണ്. ബാബയെ ഓർമ്മിക്കണം. മൻമനാഭവ എന്നതിന്റേയും അർത്ഥം ഇതാണ്. കൃഷ്ണഭഗവാനുവാച എന്നല്ല. അഥവാ കൃഷ്ണനുണ്ടെങ്കിൽ എല്ലാവരും കൃഷ്ണന്റെയടുക്കൽ പോകും. എല്ലാവരും തിരിച്ചറിയും. പിന്നീട് എന്നെ കോടിയിൽ ചിലരേ അറിയുന്നുള്ളു എന്ന് എന്തുകൊണ്ട് പറയുന്നത്. ഇത് ബാബ മനസ്സിലാക്കിത്തരികയാണ്. അതുകൊണ്ട് മനുഷ്യർക്ക് മനസ്സിലാക്കാൻ പ്രയാസമാണ്. മുമ്പും ഇങ്ങനെയായിരുന്നു. ഞാൻ വന്ന് ദേവീദേവതാധർമ്മത്തിന്റെ സ്ഥാപന ചെയ്തിരുന്നു. പിന്നീട് ഈ ശാസ്ത്രങ്ങളെല്ലാം തന്നെ അപ്രത്യക്ഷമാകും. പിന്നീട് സമയത്തിനനുസരിച്ച് ഭക്തിമാർഗ്ഗത്തിൽ ശാസ്ത്രങ്ങളെല്ലാം തന്നെ വീണ്ടും ഉണ്ടാകും. സത്യയുഗത്തിൽ ഒരു ശാസ്ത്രം പോലും ഇല്ല. ഭക്തിയുടെ പേരോ അടയാളമോ പോലും ഇല്ല. ഇപ്പോൾ ഭക്തിയുടെ രാജ്യമാണ്. (ഭക്തിയിൽ)ഏറ്റവും വലിയവർ ശ്രീ ശ്രീ 108 ജഗദ്ഗുരു എന്ന് പറയുന്നവരാണ്. ഇക്കാലത്ത് 1008 എന്ന് പറയുന്നവരും ഉണ്ട്. വാസ്തവത്തിൽ ഈ മാലയെല്ലാം ഇവിടുത്തേതാണ്. മാല ജപിക്കുമ്പോൾ അറിയാം അതിലെ പൂവ് നിരാകാരനും പിന്നീട് ജോഡിയും. ബ്രഹ്മാ സരസ്വതി ജോഡിയാണ്. കാരണം പ്രവൃത്തീ മാർഗ്ഗമല്ലേ. പ്രവൃത്തീ മാർഗ്ഗത്തിലുള്ളവർ നിവൃത്തിമാർഗ്ഗത്തിലുള്ളവരെ ഗുരുവാക്കാറുണ്ടോ? ഹഠയോഗം പഠിക്കാറുണ്ടോ? അതെല്ലാം അനേകപ്രകാരത്തിലുള്ള ഹഠയോഗങ്ങളാണ്. രാജയോഗം ഒന്നു മാത്രമേ ഉള്ളു. ഓർമ്മയാകുന്ന യാത്ര ഒന്നാണ്, ഇതിനെയാണ് രാജയോഗം എന്ന് പറയുന്നത്. ബാക്കിയെല്ലാം ഹഠയോഗമാണ്. ശരീരത്തിന്റെ ആരോഗ്യത്തിനുവേണ്ടി. ഈ രാജയോഗം ബാബയാണ് പഠിപ്പിക്കുന്നത്. ആത്മാവാണ് ആദ്യം, പിന്നീട് ശരീരം. നിങ്ങൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നതിനുപകരം ശരീരമാണെന്ന് മനസ്സിലാക്കി തല തിരിഞ്ഞു പോയി. ഇപ്പോൾ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എങ്കിൽ അന്തിമ ഗതി ശ്രേഷ്ടമാകും. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യ സാരം -

1) ഈ അനാദിയും അവിനാശിയും ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയിൽ ഓരോരുത്തർക്കും പാർട്ടുണ്ട്. ദേഹീ അഭിമാനിയായി മാറി, സാക്ഷിയായിരുന്നുകൊണ്ട് കാണണം. തന്റെ മധുരമായ വീടിനേയും മധുരമായ രാജധാനിയേയും ഓർമ്മിക്കണം. ഈ പഴയ ലോകത്തെ ബുദ്ധികൊണ്ട് മറക്കണം.

2) മായയോട് തോൽക്കരുത്. ഓർമ്മയാകുന്ന അഗ്നിയിലൂടെ പാപത്തെ നശിപ്പിച്ച് ആത്മാവിനെ പാവനമാക്കി മാറ്റാനുള്ള പുരുഷാർത്ഥം ചെയ്യണം.

## വരദാനം - ദീപാവലിയിൽ യഥാർത്ഥ വിധി പ്രകാരം തന്റെ ദൈവീക പദവിയെ ആഹ്വാനം ചെയ്യുന്ന പൂജ്യാത്മാവായി ഭവിയ്ക്കട്ടെ.

ദീപാവലിയ്ക്ക് ആദ്യം ആളുകൾ വിധിപൂർവ്വം ദീപം തെളിയിക്കുന്നു. ദീപം അണയാതിരിക്കുവാൻ ശ്രദ്ധിക്കുന്നു. എണ്ണ ഒഴിച്ചുകൊണ്ടിരിക്കുന്നു. വിധിപൂർവ്വം ആഹ്വാനം ചെയ്യുന്നതിന്റെ അഭ്യാസത്തിൽ മുഴുകുന്നു. ഇപ്പോൾ ദീപത്തിനു പകരം ബൾബാണ് പ്രകാശിപ്പിക്കുന്നത്. ഇപ്പോൾ ദീപാവലിയല്ല ആഘോഷിക്കുന്നത്, പകരം ഒരു മനോരഞ്ജനത്തിനായി മാത്രം ആഘോഷിക്കുന്നു. ആഹ്വാനിക്കുന്നതിന്റെ വിധിയും സാധനയും സമാപ്തമായി. സ്നേഹമില്ലാതായി കേവലം സ്വാർത്ഥത മാത്രം അവശേഷിക്കുന്നു. അതിനാൽ യഥാർത്ഥ ദാതാവായ ലക്ഷ്മി ദേവി ആരുടെയും പക്കൽ വരുന്നില്ല. എന്നാൽ താങ്കളെല്ലാവരും യഥാർത്ഥ വിധിപ്രകാരം തന്റെ ദൈവീക പദവിയെ ആഹ്വാനം ചെയ്യുന്നു. അതിനാൽ സ്വയം പൂജ്യ ദേവീദേവതകളായിത്തീരുന്നു.

## സ്ലോഗൻ - സദാ പരിധിയില്ലാത്ത വൃത്തി, ദൃഷ്ടി, സ്ഥിതിയുണ്ടായിരിക്കണം എന്നാൽ മാത്രമാണ് വിശ്വ മംഗളത്തിന്റെ കാര്യം സമ്പന്നമാകൂ.